<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4396</u>** **<u>28-10-2021 - ൽ മറുപടിയ്ക്ക്</u>**

## <u>ബേഡഡുക്ക പഞ്ചായത്തിലെ സഹകരണ പരിശീലന കേന്ദ്രം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ മുന്നാട് കേന്ദ്രമായി ഒരു സഹകരണ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ; | (എ) | പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്ന വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത സ്ഥാപനം 02.06.2008 മുതൽ 13 വർഷമായി അഴീക്കോടൻ സ്മാരക ഗ്രന്ഥാലയത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി എജ്യൂക്കേഷണൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി 15 സെന്റ് സ്ഥലം സഹകരണ യൂണിയന് വിട്ടുനൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കുറ്റിക്കോൽ വില്ലേജ് റീ സർവ്വെ നം.53/3/സി-യിൽപ്പെട്ട 15 സെന്റ് ഭൂമി സഹകരണ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതിയുടെ 01.02.2017 ലെ 16-ാം നമ്പർ തീരുമാന പ്രകാരം സൗജന്യമായി സംസ്ഥാന സഹകരണ യൂണിയന് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | സഹകരണ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 63,93,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുകയും കെട്ടിടം നിർമ്മിക്കുന്ന തിന് മുൻ എം.എൽ.എ. ശ്രീ.പി.രാഘവൻ കൺവീനറായി ജനകീയ കമ്മിറ്റി രൂപീകരിക്കുകയും 2017 മെയ് 30-ന് കെട്ടിടത്തിന് തറക്കല്ല് ഇടുകയും ചെയ്തു. എന്നാൽ ഇതു സംബന്ധിച്ച മറ്റ് തുടർ നടപടികൾ കമ്മിറ്റി മുന്നോട്ടു കൊണ്ടു പോയിട്ടില്ല. |
| (ഇ) | 2017 മേയ് മാസത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തറക്കല്ലിട്ട ഈ സ്ഥാപനത്തിന്റെ കെട്ടിടം പണി തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കാമോ? | (ഇ) | സഹകരണ പരിശീലന കേന്ദ്രത്തിനായി സൗജന്യമായി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തറക്കല്ലിടുകയും സംഘങ്ങളിൽ നിന്നും ധനസഹായം സ്വരൂപിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തുവെങ്കിലും ജനകീയ കമ്മിറ്റി കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ മുന്നോട്ട് |

| | | | |
|---|---|---|---|
| | | | കൊണ്ടുപോയില്ല. പ്രസ്തുത സ്ഥലം ജില്ലാ ആസ്ഥാനത്ത് നിന്നും നിലവിൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്നും വളരെ ഉള്ളിലേക്ക് മാറിയാണ്. കൂടാതെ ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരത്ത് (പെരോൽ വില്ലേജ്) 10.12 ആർ സർക്കാർ വക സ്ഥലം സഹകരണ പരിശീലന കേന്ദ്രം/കോളേജ് കെട്ടിട സമുച്ചയ പണി കഴിപ്പിക്കുന്നതിലേക്ക് പാട്ടത്തിന് ലഭ്യ മാക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ